# NIDAS: 16

# Niramaya Health Insurance scheme

## FREQUENTLY ASKED QUESTIONS

1. ഏതൊക്കെ വൈകല്യങ്ങളെയാണ് നിരാമയ ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്?

നാഷണൽ ട്രസ്റ്റ് ആക്ട് 1999- ന്റെ പരിധിയിൽ ഉൾപ്പെടുന്ന ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നീ വൈകല്യങ്ങളുള്ള വ്യക്തികളെയാണ് നിരാമയ ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

2. ഈ പദ്ധതിയിൽ ചേരുന്നതിന് പ്രായപരിധിയുണ്ടോ ?

ഇല്ല. മേൽ പറഞ്ഞ വൈകല്യമുള്ള ഏതു പ്രായക്കാർക്കും നിരാമയ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാം.

3. ഈ പദ്ധതിയിൽ ചേരുന്നതിന് മുൻപായി മെഡിക്കൽ ചെക്കപ്പ് നടത്തി റിപ്പോർട്ട് നൽകേണ്ടതുണ്ടോ ?

ആവശ്യമില്ല.

4. മുൻകാല രോഗാവസ്ഥയ്ക്കുള്ള ചികിത്സ ഇതിൽ ഉൾപ്പെടുമോ ?

ഉൾപ്പെടും. മുൻകാല രോഗാവസ്ഥ ബാധകമല്ല.

5. എത്ര രൂപയ്ക്കുള്ള ഇൻഷ്വറൻസ് കവറേജാണ് ഒരു വ്യക്തിക്ക് ഒരു വർഷത്തിൽ ലഭിക്കുന്നത് ?

ഒരു ലക്ഷം രൂപയ്ക്കുള്ള ഇൻഷ്വറൻസ് കവറേജാണ് ഒരു വ്യക്തിക്ക് ഒരു വർഷത്തിൽ ലഭിക്കുന്നത് (പട്ടിക തിരിച്ചുള്ള വിവരം നോക്കുക).

6. നിരാമയ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിന് ഒറ്റതവണ രജിസ്ട്രേഷനാണോ അതോ വർഷാവർഷം പുതുക്കേണ്ടതുണ്ടോ ?

ഒരിക്കൽ രജിസ്റ്റർ ചെയ്താൽ പോരാ. വർഷംതോറും പുതുക്കണം.

7. നിരാമയ ഇൻഷ്വറൻസ് പുതുക്കുന്നത് എങ്ങനെയാണ് ?

ഇൻഷ്വറൻസ് പുതുക്കുവാനും നിരാമയ പദ്ധതിയിൽ ചേരുവാനും സംബന്ധിച്ച കാര്യങ്ങൾക്ക് നാഷ്ണൽ ട്രസ്റ്റിൽ രജിസ്ട്രേഷനുള്ള സന്നദ്ധ സംഘടനയുമായി ബന്ധപ്പെടുക.

8. നിരാമയ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിന് പ്രീമിയം എത്രയാണ് ?

ഈ പദ്ധതിയിൽ ചേരുന്നതിന് എ.പി.എൽ. കുടുംബക്കാർക്ക് 500/- രൂപയും ബി.പി.എൽ. കുടുംബക്കാർക്ക് 250/- രൂപയുമാണ് പ്രീമിയം അടക്കേണ്ടത്. വർഷംതോറും പുതുക്കുമ്പോൾ എ.പി.എൽ. കുടുംബക്കാർക്ക് 250/- രൂപയും ബി.പി.എൽ. കുടുംബക്കാർക്ക് 50/- രൂപയുമാണ് പ്രീമിയം അടക്കേണ്ടത്.

9. നിരാമയ ഇൻഷ്വറൻസ് പദ്ധതിയിൽ ചികിത്സാ ചെലവുകൾ ലഭിക്കുന്ന രീതി എങ്ങനെയാണ് ? ക്യാഷ് ലെസ്സ് രീതിയാണോ അതോ റീ-ഇംബേഴ്സ്മെന്റാണോ ?

റീ-ഇംബേഴ്സ്മെന്റ് രീതിയാണ്.

10.ഏതൊക്കെ ആശുപത്രികളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത് ?

ഇന്ത്യയിൽ ഉള്ള എല്ലാ ഗവൺമെന്റ്/പ്രൈവറ്റ് ആശുപത്രികളിൽ നിന്നും നേടുന്ന ചികിത്സ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

11. ആയുർവേദം, ഹോമിയോ തുടങ്ങിയ ചികിത്സകൾ ഇതിൽ ഉൾപ്പെടുമോ ?

ആയുർവേദം, ഹോമിയോ തുടങ്ങിയ ചികിത്സകൾക്ക് 4500/- രൂപ വരെ പ്രതിവർഷം ഈ പദ്ധതി വഴി ലഭിക്കും.

12. ഈ പദ്ധതിയിൽ ചേർന്നാൽ വൈകല്യവുമായി ബന്ധപ്പട്ട അസുഖങ്ങൾക്ക് മാത്രമാണോ അതോ എല്ലാ അസുഖങ്ങൾക്കും ഇൻഷ്വറൻസ് കവറേജ് ലഭിക്കുമോ?

ഈ പദ്ധതിയിൽ ചേർന്നാൽ വൈകല്യവുമായി ബന്ധപ്പട്ട അസുഖങ്ങൾക്ക് മാത്രമല്ല എല്ലാത്തരം അസുഖങ്ങൾക്കും ഇൻഷ്വറൻസ് കവറേജ് ലഭിക്കും.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ടവർ

1. **ആർ. വേണുഗോപാലൻ നായർ**

   സ്റ്റേറ്റ് കോർഡിനേറ്റർ നാഷണൽ ട്രസ്റ്റ് 0474-2728905

   സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ,കൊല്ലം

2. **ബി. ശ്രീകല**

   പ്രിൻസിപ്പൽ, ആശ്രയ, കൊല്ലം 0474-2728905

3. **രജിത എൽ**

   സോഷ്യൽ വർക്കർ

   നിഷ്, തിരുവനന്തപുരം. 0471-3066638